# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2461 — 18/06/2014 ൽ മറുപടിയ്ക്ക്

## ഡ്രിപ് ഫെർട്ടിഗേഷൻ പദ്ധതി

ചോദ്യം — മറുപടി

ശ്രീ.പി.ഉബൈദുള്ള — ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഡ്രിപ് ഫെർട്ടിഗേഷൻ പദ്ധതിയുടെ വിശദാംശം അറിയിക്കുമോ ; | (എ) തുള്ളിനന/കണികാജലസേചനം നടത്തുമ്പോൾ തന്നെ ആവശ്യമായ സമയത്ത് വളവും, മണ്ണിന്റെ പോഷണത്തിന് ആവശ്യമായ വസ്തുക്കളും, ചെടികളുടെ വളർച്ചാകാലഘട്ടങ്ങളിൽ ആവശ്യമായി വരുന്ന മറ്റ് ലായക സ്വഭാവമുള്ള വസ്തുക്കളും ജലത്തിനോടൊപ്പം നൽകുന്ന രീതിയാണ് ഡ്രിപ് ഫെർട്ടിഗേഷൻ. |
| (ബി) ഇപ്പോൾ പ്രസ്തുത പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത് ; | (ബി) കൃഷിവകുപ്പിനു കീഴിലുള്ള പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി വയനാട് ജില്ലയിലെ മഴനിഴൽ പ്രദേശങ്ങളായ മുള്ളൻകൊല്ലി, പുൽപ്പള്ളി പഞ്ചായത്തുകളിൽ പ്രദർശനവിളനിലങ്ങളിൽ, ഫെർട്ടിഗേഷൻ സൗകര്യത്തോടുകൂടിയ കണികാജലസേചനം വയനാട് പാക്കേജിലുൾപ്പെടുത്തി, കെ.ഐ.ഐ.ഡി.സി (കിഡ്കോ) ഇപ്പോൾ നടപ്പിലാക്കി വരുന്നു.<br><br>തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് & കാസർഗോഡ് ജില്ലകളിൽ പ്രസ്തുത പദ്ധതി പ്രദർശനപരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. |
| (സി) കർഷകർക്ക് ആശ്വാസമാകുന്ന പ്രസ്തുത പദ്ധതി സംസ്ഥാനമൊട്ടുക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) പ്രസ്തുത പദ്ധതിയെക്കുറിച്ച് കൃഷിക്കാർക്കിടയിൽ ശരിയായ അവബോധവും ദൃഢവിശ്വാസവും ഉണ്ടാകുന്ന മുറയ്ക്ക് ടി പദ്ധതി സംസ്ഥാനമൊട്ടുക്കും വ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ